**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 488** | **01.07.2014-ൽ മറുപടിയ്ക്ക്** |

## ഇനവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇനവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | (എ) കേന്ദ്ര സഹായത്തോടെ എറണാകുളത്ത് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി 2014-15 ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) ആണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേരളത്തിൽ ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതുവഴി താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.<br>• കേരളത്തിലെ ചെറുതും വലുതുമായ ഫർണിച്ചർ മേഖലയെ വേണ്ട വിധത്തിൽ വളർത്തിയെടുക്കുക.<br>• കേരളത്തിലെ ഫർണിച്ചർ വിപണിയെ ദേശീയ അന്തർദേശീയ വിപണികളുമായി ബന്ധിപ്പിക്കുകയും നല്ല ഗുണമേന്മയുള്ള ഫർണിച്ചർ ഇനങ്ങൾ ദേശീയ അന്തർദേശീയ ഉപഭോക്താക്കൾക്ക് വേണ്ടി നിർമ്മിക്കുകയും ചെയ്യുക.<br>• കേരളത്തിന്റെ തനതും നവീനവുമായ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ തയ്യാറാക്കുക.<br>• അന്തർദേശീയ തലങ്ങളിൽ എക്സിബിഷനുകളും സെമിനാറുകളും സംഘടിപ്പിക്കുക<br>• വ്യാപാരത്തിനും ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾക്കുംവേണ്ടി ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക.<br>• യുവ സംരംഭകർക്കായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനത്തിനും ഗവേഷണങ്ങൾക്കും വേണ്ടിയുള്ള സംവിധാനം ഒരുക്കുക. |

........... (2)

| | |
|---|---|
| (സി) ഇതിന് കേന്ദ്രാനുമതി ലഭി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) 97.29 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) ഫർണിച്ചർ വ്യവസായ ത്തിന്റെ ഉന്നമനത്തിനും ഫർണിച്ചർ ഇറക്കുമതി ഇല്ലാതാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) രാജ്യാന്തര എക്സിബിഷനുകളിലൂടെ ലോകരാഷ്ട്രങ്ങൾക്ക് കേരളത്തിലെ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവ കൂടുതൽ ആകർഷകമാക്കുവാനും വിദേശ വിപണി നേടിയെടുക്കുവാനും അതുവഴി ഇറക്കുമതി കുറച്ചുകൊണ്ട് കൂടുതൽ വിദേശ നിക്ഷേപം നേടുന്നതിനും പദ്ധതി വഴി ഉദ്ദേശിക്കുന്നു. സ്ഥിരമായ എക്സിബിഷൻ സൗകര്യം, ബിസിനസ്സ് പ്രതിനിധികൾക്കും സന്ദർശകർക്കുമുള്ള താമസ സൗകര്യങ്ങൾ, തൊഴിലാളികൾക്കുള്ള താമസ സൗകര്യങ്ങൾ, അസംസ്കൃത വസ്തുക്കളും ഉൽപ്പന്നങ്ങളും സംഭരിക്കുവാനുള്ള സൗകര്യം, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ